File No.TCPCTP/2950/2019-C3

## മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം :- നഗര- ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം -എറണാകുളം ജില്ല - മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് - മഞ്ഞള്ളൂർ വില്ലേജ് - **പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ നിർമ്മാണം** - ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22/8/2019, 04/02/2020 എന്നീ തീയതികളിലെ എ 5-2976/2019 നമ്പർ കത്തുകൾ.

2. എറണാകുളം സീനിയർ ടൗൺ പ്ലാനറുടെ 22/11/2019, 10/02/2020 - എന്നീ തീയതികളിലെ യഥാക്രമം TCPEKM/2041/2019-C, TCPEKM/78/2020-C നമ്പർ കത്തുകൾ.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. **TCPCTP/2950/2019 -C3** തീയതി: **07/03/2020**

---

എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മഞ്ഞള്ളൂർ വില്ലേജിൽ സർവ്വേ നമ്പർ 1218/4-4, 1218/5- ൽ ഉൾപ്പെടുന്ന അപേക്ഷകന്റെ ഉടമസ്ഥതയിലുള്ള 4573. ച.മീ ആകെ വസ്തുവിൽ നിന്നും 1184 ച.മീ. സ്ഥലം വേർതിരിച്ച് സെയിൽസ് ബിൽഡിംഗ് 34. 98 ച.മീ, കനോപ്പി 294 ച.മീ. ഉൾപ്പെടെ ആകെ 328.98 ച.മീ. വിസ്തീർണ്ണം വരുന്ന HPCL-ന്റെ **പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ** നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **ശ്രീ. ഭാസ്കരൻ**, കോലോത്തുപുത്തൻപുരയിൽ, മടക്കത്താനം. പി.ഒ, എറണാകുളം-686670 - ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

### നിബന്ധനകൾ

1. പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങൾ അംഗീകൃതം ആണെന്നും, ടി കെട്ടിടങ്ങൾക്ക് കെ.പി.ബി.ആർ. ചട്ടപ്രകാരം വേണ്ട ഓപ്പൺ സ്പേസ്, പ്രവേശന മാർഗ്ഗം എന്നിവ ലഭ്യമാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തണം.
2. കെ.പി.ബി.ആർ. 2011 ചട്ടം 11 (1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ വരുത്തേണ്ടതാണ്. നിർമ്മാണം ഉദ്ദേശിക്കുന്ന സ്ഥലത്ത് പുറമ്പോക്ക് ഉൾപ്പെട്ടിട്ടില്ലായെന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
3. നിർദ്ദിഷ്ട നിർമ്മാണം കെ .പി.ബി.ആർ. 2011 നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റു നിയമങ്ങൾക്കും പൂർണ്ണമായും വിധേയമാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.
4. ഫയർഫോഴ്സ്, തുടങ്ങി ആവശ്യമായ വകുപ്പുകളിൽ നിന്നുള്ള എൻ .ഒ.സി ലഭ്യമാക്കിയിരിക്കണം.
5. എർത്ത് കട്ടിംഗ് & ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി

നേടിയിരിക്കണം.

6. ഖര മാലിന്യ സംസ്കരണം/ഉപരിതല ജലനിർഗ്ഗമനം എന്നിവയ്ക്കുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും പരിസര മലിനീകരണം ഉണ്ടാകുന്നില്ലെന്നും സെക്രട്ടറി ഉറപ്പ് വരുത്തണം.
7. നിർദ്ദിഷ്ട സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് /നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2008 ലെ കേരള നെൽവയൽ തണ്ണീർത്തട നിയമം , അനുബന്ധ ഗവൺമെന്റ് സർക്കുലർ, KLU order 1967 എന്നിവ ബാധകമാകുന്ന പക്ഷം ആയവയ്ക്ക് അനുസൃതമാണെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
8. ആവശ്യമായ സാനിറ്ററി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും, കെ.പി.ബി. ആർ 2011 ചട്ടം 61 (16) പ്രകാരം LIquid Waste Management Treatment Plant ഉം ടി കെട്ടിടത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന Waste Water, recycle ചെയ്ത് reuse ചെയ്യുന്നതിലുള്ള സംവിധാനം കെ .പി.ബി.ആർ. 2011 ചട്ടം 61 (17) പ്രകാരം ഏർപ്പെടുത്തിയിട്ടുണ്ടെന്നും സെക്രട്ടറി ഉറപ്പുവരുത്തണം.
9. കെ.പി.ബി.ആർ. 2011 61(6), 61(9) പ്രകാരം ഫയർഫോഴ്സ് ഡയറക്ടറുടെയും, ജില്ലാ കളക്ടറുടെയും അനുമതി ലഭ്യമാക്കേണ്ടതാണ്.
10. KPBR 2011 61(10) പ്രകാരം പെട്രോൾ ടാങ്കിന്റെയും Vent പൈപ്പിന്റെയും സ്ഥാനവും നിർമാണവും 1976 ലെ പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുശാസിക്കും പ്രകാരമായിരിക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ **59/2020** ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം– ഒരു സൈറ്റ് പ്ലാൻ

Signature valid
Digitally signed by JAYASREE P R
Date: 2020.03.07 14:53:05 IST
Reason: Approved

ടൗൺ പ്ലാനറുടെ കാര്യാലയം • തിരുവനന്തപുരം • പിൻ-695 163

**ജയശ്രീ. പി. ആർ.**
ടൗൺ പ്ലാനർ

**സെക്രട്ടറി,**
മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത്

പകർപ്പ്:-

1. ശ്രീ. ഭാസ്കരൻ, കോലോത്തുപുത്തൻപുരയിൽ, മടക്കത്താനം. പി.ഒ, എറണാകുളം–686670
2. സീനിയർ ടൗൺ പ്ലാനർ, എറണാകുളം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം